(ഡി) കിർത്താഡ്സിന് സ്വയംഭരണാവകാശം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനത്തിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്രസഹായം ലഭിച്ചിരുന്നുവോ എന്നും സഹായം തുടർന്നും ലഭിക്കാൻ നടപടി സ്വീകരിച്ചുവോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ റൂൾസിന്റെ അഭാവം മൂലം പി.എസ്.സി. വഴി ടെക്നിക്കൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല. കൂടാതെ ഇത് ഒരു സ്വയംഭരണ സ്ഥാപനം ആക്കണമെന്നുള്ള ഭരണപരിഷ്ക്കാര സമിതിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇല്ല. കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ അതിലേക്കാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല.

(ഡി ആന്റ് ഇ) തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 50% കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. തുടർന്ന് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം

131 [3718] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ:

,, കെ. എൻ. എ. ഖാദർ:

,, ടി. പി. എം. സാഹിർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പാർപ്പിടത്തിനും വേണ്ടി 2003-2004 വർഷത്തിൽ ഓരോ ഇനത്തിലും എന്തെല്ലാം പ്രവർത്തികൾ നടത്തി;

(ബി) ഇവയിൽ ഓരോന്നിലും എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പാർപ്പിടത്തിനുംവേണ്ടി സർക്കാർ നിരവധി പദ്ധതികൾ 2003-04 വർഷം നടപ്പാക്കിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ പ്രീമെട്രിക്കുലേഷൻ, പോസ്റ്റുമെട്രിക്കുലേഷൻ, സ്കോളർഷിപ്പുകൾ, 18 മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും നിർമ്മാണവും, പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം, പുതുതായി പോസ്റ്റുമെട്രിക് ഹോസ്റ്റൽ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly